## പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 231

27.01.2014-ൽ മറുപടിയ്ക്ക്

**പുതിയ മരുന്നുകളുടെ പരീക്ഷണം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. ഉബൈദുള്ള<br>ശ്രീ.എൻ. എ. നെല്ലിക്കുന്ന്<br>ശ്രീ.വി. എം. ഉമ്മർ മാസ്റ്റർ<br>ശ്രീ.കെ. എം. ഷാജി | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) ഏതെങ്കിലും സ്ഥാപനങ്ങൾ പുതിയ മരുന്നുകൾ മനുഷ്യരിൽ പ്രയോഗിച്ച് പരീക്ഷണം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) മനുഷ്യരിലെ മരുന്ന് പരീക്ഷണം സംബന്ധിച്ച് 16.08.2012 ൽ ഒരു പ്രാദേശിക ചാനലിൽ വന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) 162 പുതിയ ഇനം മരുന്നുകളുടെ പരീക്ഷണം സുപ്രീം കോടതി തടഞ്ഞ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടു ണ്ടോ; എങ്കിൽ ഇതിലേതെങ്കിലും മരുന്ന് സംസ്ഥാനത്ത് ലഭ്യമാണോ; അവ ഉപയോഗിക്കപ്പെടുന്നുണ്ടോ; വ്യക്തമാക്കാമോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത മരുന്നുകൾ സംസ്ഥാനത്ത് ലഭ്യമാകുന്നതായും ഉപയോഗിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) സംസ്ഥാനത്ത് മരുന്നുകളുടെ പരീക്ഷണവുമായി ബന്ധപ്പെട്ട് നിയമ വിരുദ്ധമായ ഒരു പ്രവർത്തനവും നടക്കുന്നില്ലെന്നും, ഇത്തരം മരുന്നുകൾ സംസ്ഥാനത്തിനകത്ത് ഉപയോഗപ്പെടുത്തുന്നില്ലെന്നും ഉറപ്പാക്കാൻ ആവശ്യമായ നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകുമോ; വിശദമാക്കാമോ; | (സി) ഇന്ത്യയിൽ ക്ലിനിക്കൽ ട്രയലിന് അനുമതി നൽകുന്നതും അവ നിയന്ത്രിക്കുന്നതും കേന്ദ്രസർക്കാരിന്റെ ആരോഗ്യ മന്ത്രാലയത്തിന്റെ കീഴിൽ ഡ്രഗ്സ് കൺട്രോളർ ജനറൽ ഇന്ത്യ മേലധികാരിയായിട്ടുള്ള സെൻട്രൽ ഡ്രഗ്സ് സ്റ്റാൻഡേർഡ് കൺട്രോൾ ഓർഗണൈസേഷനും (Central Drugs Standard Control Organisation) ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസേർച്ചുമാണ്.ഇത് സംബന്ധിച്ച മാർഗനിർദ്ദേശങ്ങൾ ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് റൂൾസിലെ ഷെഡ്യൂൾ Y ൽ ആണ് ഉൾപ്പെടുത്തിയിട്ടുള്ളത്. സംസ്ഥാന ഡ്രഗ്സ് കൺട്രോളിന്റെ കീഴിലുള്ള ഉദ്യോഗസ്ഥർക്ക് ക്ലിനിക്കൽ ട്രയൽ പരിശോധന സംബന്ധിച്ച അധികാരങ്ങൾ നൽകിയിട്ടില്ല.<br>കേരളത്തിൽ അനധികൃതമായ മരുന്ന് പരീക്ഷണങ്ങൾ നടക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനും ഇത്തരം അനധികൃതമായ മരുന്ന് പരീക്ഷണങ്ങൾ തടയുന്നതിനുള്ള ശുപാർശകൾ സമർപ്പിയ്ക്കുന്നതിനു മായി 18.08.2012 ലെ സർക്കാർ ഉത്തരവ്(സാധാ)നം. 2751/2012/ആ.കു.വ പ്രകാരം 6 പേരടങ്ങുന്ന ഒരു ഉന്നതതല സമിതി രൂപീകരിച്ചിരുന്നു . പ്രസ്തുത കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ഡ്രഗ്സ് കൺട്രോളറുടെ കീഴിൽ ഒരു ക്ലിനിക്കൽ ട്രയൽ രജിസ്ട്രി ആരംഭിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ